"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കാർഷിക പാരിസ്ഥിക പ്രദേശങ്ങളടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 'പോഷക സമൃദ്ധി മിഷൻ' രൂപീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം -ബി) വകുപ്പ്**

സ.ഉ.(സാധാ) നം.885/2023/AGRI തീയതി,തിരുവനന്തപുരം, 13-09-2023

---

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 14.08.2023 തീയതിയിലെ ADFW/9752/2023-VC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കർഷകരുടെ വരുമാനത്തെയും ജനങ്ങളുടെ ആരോഗ്യത്തെയും ഗണ്യമായി സ്വാധീനിക്കുന്ന ഇനങ്ങളാണ്. കേരളത്തിൽ വർദ്ധിച്ച് വരുന്ന ജീവിതശൈലി രോഗങ്ങളുടെ പ്രധാന കാരണം പോഷക ഭക്ഷണത്തിന്റെ കുറവാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ശിപാർശ ചെയ്ത അളവിൽ പഴം/പച്ചക്കറി/ ചെറുധാന്യം എന്നിവയുടെ ഉപയോഗം കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെ കുറവാണ്. ശിപാർശ ചെയ്ത അളവിൽ ഈ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് കാർഷിക പാരിസ്ഥിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ സമയബന്ധിതമായി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ക്യാമ്പയിൻ രൂപത്തിൽ നീളുന്ന പോഷക സമൃദ്ധി മിഷൻ രൂപീകരിക്കുന്നതിന് പരാമർശത്തിലെ കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളജനതയുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉൽപ്പാദനം, വിപണനം, മൂല്യവർദ്ധനവ്, ആരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചും ക്യാമ്പയിൻ രൂപത്തിൽ **"പോഷക സമൃദ്ധി മിഷൻ"** രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ/ സവിശേഷതകൾ ചുവടെ ചേർക്കുന്നു;

**<u>ലക്ഷ്യങ്ങൾ</u>**

- പച്ചക്കറി/പയറുവർഗ്ഗങ്ങൾ/ചെറുധാന്യങ്ങൾ/പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുക.
- പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക.
- പോഷക പ്രാധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉൽപ്പാദനവും ഉപയോഗവും വ്യാപകമാക്കുക.
- പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം ആരോഗ്യ സൂചികക്കനുസൃതമായി വർദ്ധിപ്പിക്കുക.
- കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.
- ഉത്തമ കൃഷിരീതികളിലൂടെയും ജൈവകൃഷി രീതികളിലൂടെയും സുരക്ഷിതവും, ഗുണമേന്മയുള്ളതുമായ

ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക.

- ഉൽപ്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.
- പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിത ശൈലീ രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

<u>സവിശേഷതകൾ</u>

- ഉല്പ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി ആരോഗ്യ സംരക്ഷണത്തിനുള്ള ബൃഹത് പദ്ധതി.
- 2023-24 സാമ്പത്തിക വർഷം ആരംഭിച്ച് 2026-27 സാമ്പത്തിക വർഷം ലക്ഷ്യത്തിൽ എത്തുന്ന തരത്തിൽ കാമ്പയിൻ മാതൃകയിലുള്ള നടത്തിപ്പ് രീതി.
- മുൻകൂട്ടി ആസൂത്രണം ചെയ്ത പദ്ധതികളിലൂടെ കാർഷിക ആരോഗ്യ, സാമൂഹിക മേഖലകളിൽ പുരോഗതി നേടുന്നതിനും വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സാധ്യമാകുന്നു.
- വിവിധ വിളകളുടെ കൃഷി മൂന്ന് ഘട്ടങ്ങളായി (ഉത്പാദനത്തിന് മുൻപ്, ഉത്പാദനം, ഉത്പാദനത്തിന് ശേഷം) വിഭജിച്ചു കൊണ്ട് ഓരോ ഘട്ടത്തിലും ആവശ്യമായ സമഗ്ര ഇടപെടലുകൾ നടത്തുന്നു.
- പ്രാദേശിക സാമ്പത്തിക വികസനം കാർഷിക മേഖലയെ ആധാരമാക്കി ആസൂത്രണം ചെയ്ത് കൃഷിക്കാരുടെ വരുമാനം ഉയർത്തുന്നതിനും പ്രാദേശിക വികസനം സാധ്യമാക്കുന്നതിനും കഴിയുന്നു.
- കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഫലപ്രദമായി ഏകോപിപ്പിച്ചു പദ്ധതി ലക്ഷ്യം കൈവരിക്കുന്നു.
- കൃഷിക്കൂട്ടം ഉൾപ്പെടെയുള്ള കർഷക കൂട്ടായ്മകളെ ഫലപ്രദമായി ഉപയോഗിക്കുന്നു.
- കാർഷിക പാരിസ്ഥിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ' ന്യൂട്രീഷൻ പ്ലേറ്റ് ' തയ്യാറാക്കുന്നു.
- 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തെ 25 ലക്ഷം കുടുംബങ്ങളേയും 2026-27 സാമ്പത്തിക വർഷത്തോടുകൂടി സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളേയും മിഷന്റെ ഭാഗമാക്കുന്നു.

4) സംസ്ഥാന പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും ഫലപ്രദമായി കൂട്ടിയോജിപ്പിച്ചായിരിക്കും മിഷൻ പ്രവർത്തിക്കേണ്ടത്. മിഷന്റെ ഭാഗമായി സംയോജിപ്പിക്കാവുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശം കൃഷി ഡയറക്ടർ ഒരാഴ്ചക്കകം പുറപ്പെടുവിക്കേണ്ടതാണ് . മിഷന്റെ ഭാഗമായി ഹൈദരാബാദ് ആസ്ഥാനമായ ICAR സ്ഥാപനമായ Indian Institute of Millet Research മായി ചെറുധാന്യങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ധാരണാ പത്രം ഒപ്പു വയ്ക്കുവാൻ കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

5) കൃഷി സെക്രട്ടറി/ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഈ മിഷന്റെ സംസ്ഥാനതല നോഡൽ ഓഫീസറും കൃഷി ഡയറക്ടർ / ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് നോഡൽ ഓഫീസറുമായിരിക്കും.

6) ഉല്പാദനം, വിപണനം, സംസ്കരണം, പോഷക സൂചകങ്ങൾ എന്നിവ അടങ്ങിയ വിശദമായ

രൂപ രേഖ, പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, മിഷൻ ഘടന എന്നിവ സംബന്ധിച്ചുള്ള വിശദമായ കരട് ശുപാർശ സമർപ്പിക്കുന്നതിനായി വകുപ്പുതല കമ്മിറ്റി രൂപീകരിക്കുവാൻ കൃഷി ഡയറക്ടർ നല്കിയ ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു. വകുപ്പുതല കമ്മിറ്റി സെപ്റ്റംബർ 25 നകം കരട് ശുപാർശ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം
വൈസ് ചാൻസലർ, കേരള കാർഷിക സർവകലാശാല
ഡയറക്ടർ, പഞ്ചായത്ത്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, ഫിഷറീസ്
ഡയറക്ടർ, സഹകരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ
മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, VFPCK
സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (അഗ്രി-പിബി1/28/2022)

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
സെക്ഷൻ ഓഫീസർ
Date: 13-09-2023 11:25:14

പകർപ്പ് :
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്